**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5737** **08-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി.യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എഫ്.സി.യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എഫ്.സി.യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 1. ബാങ്കുകളുമായി സഹകരിച്ച് സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പകൾ ലഭ്യമാക്കുക. 2. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൽ ഒരു കോടി രൂപ വരെയുള്ള വായ്പകൾ 5 ശതമാനം പലിശയിൽ അനുവദിക്കുന്നു (ആകെ 8ശതമാനം നിരക്കിന്മേൽ 3 ശതമാനം സർക്കാർ സബ്സിഡിയാണ്). 3. വ്യവസായ എസ്റ്റേറ്റിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് 20 കോടി രൂപ വരെ ലളിത വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുക 4. സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് 10കോടി രൂപ വരെയുള്ള വായ്പകൾ യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയുമില്ലാതെ ലഭ്യമാക്കുക 5. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുക 6. സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യയിലൂടെയുള്ള മാറ്റങ്ങൾ നടപ്പിലാക്കുക. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ കെ.എഫ്.സി. വഴി പലിശ കുറച്ച് വ്യക്തിഗത ലോൺ (പേഴ്സണൽ ലോൺ) നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് 1951 പ്രകാരം കെ.എഫ്.സിക്ക് വ്യക്തിഗത ലോൺ (പേഴ്സണൽ ലോൺ) നൽകാനാവില്ല. |

സെക്ഷൻ ഓഫീസർ